967827/A2/16/CCIND

# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **T * 764** — **08.11.2016** ൽ മറുപടിക്ക്

## ദേശീയ ജലപാത

| **ചോദ്യം**<br>ശ്രീ.ഒ.രാജഗോപാൽ | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരളത്തിലെ ജലപാതകളിൽ എത്ര ഭാഗമാണ് ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) 590.18 കി.മീറ്റർ നീളം വരുന്ന സംസ്ഥാന ഉൾനാടൻ ജലപാതയിൽ 328 കി.മീ.ദൂരം (കൊല്ലം മുതൽ കോഴിക്കോട് വരെ) നാഷണൽ വാട്ടർവേ ആക്ട് പ്രകാരം ദേശീയ ജലപാത -III ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ ഇതിന്റെ ഉപകനാലുകളായ ഉദ്യോഗമണ്ഡൽ കനാൽ, ചമ്പക്കര കനാൽ, കോട്ടയം-വൈക്കം കനാൽ, ആലപ്പുഴ ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ കോട്ടയം - അതിരമ്പുഴ കനാൽ, എന്നീ പാതകളെയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) കൊല്ലം മുതൽ കോവളം വരെയുള്ള ഭാഗം പ്രഖ്യാപിത ദേശീയ ജലപാതയുടെ കീഴിൽ വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇല്ല. നിലവിലുള്ള നാഷണൽ വാട്ടർവേ ആക്ട് 2016 പ്രകാരം കോവളം - കൊല്ലം ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടില്ല. കാരണം കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് കൊല്ലംതോട്, ടി.എസ്.കനാൽ, വർക്കല തുരപ്പ്, പാർവ്വതീ പുത്തനാർ തുടങ്ങിയ ഭാഗങ്ങളിൽ അനധികൃത കൈയ്യേറ്റം മൂലം ദേശീയ ജലപാത മാനദണ്ഡമനുസരിച്ചുള്ള വീതി നിലവിൽ ഇല്ല. |
| (സി) പ്രസ്തുത ജലപാതയുടെ ഭാഗം വൃത്തിയാക്കുകയാണെങ്കിൽ അത് ടൂറിസത്തിനും ജലഗതാഗതത്തിനും വളരെ പ്രയോജനകരമായിരിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള പാതയിൽ വിവിധ ഭാഗങ്ങളിൽ സംസ്ഥാന ജല പാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞത് പുന:സ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, |

ജലപാതയുടെ കുറുകേയുള്ള നിർമ്മിതികൾ പുന:നിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവുവന്ന സ്ഥലങ്ങളിൽ വീതി പുന:സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**